അല്ലാഹുവിന്റെ റസൂൽ -صَلَّى اللهُ عَلَيْهِ وَسَلَّمَ- മൂത്രമൊഴിക്കുകയും ശേഷം വുദൂഅ് ചെയ്ത് തന്റെ ഇരു ഖുഫ്ഫകൾക്ക് മീതെ തടവുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്

ഇബ്റാഹീം അൻ-നഖഈ -رَحِمَهُ اللَّهُ- നിവേദനം: ഹമ്മാം ഇബ്നുൽ ഹാരിഥ് -رَحِمَهُ اللَّهُ- പറഞ്ഞു: ജരീർ -رَضِيَ اللّٰهُ عَنْهُ- മൂത്രമൊഴിക്കുകയും ശേഷം വുദൂഅ് നിർവ്വഹിക്കുകയും തന്റെ ഇരു ഖുഫ്ഫകൾക്ക് (കാലുറകൾക്ക്) മീതെ തടവുകയും ചെയ്തു. അപ്പോൾ (അദ്ദേഹത്തോട്) ചോദിക്കപ്പെട്ടു : "താങ്കൾ ഇങ്ങനെ ചെയ്യുന്നുവോ?" അദ്ദേഹം പറഞ്ഞു: "അതെ, അല്ലാഹുവിന്റെ റസൂൽ -صَلّٰى اللهُ عَلَيْهِ وَسَلَّمَ- മൂത്രമൊഴിക്കുകയും ശേഷം വുദൂഅ് ചെയ്ത് തന്റെ ഇരു ഖുഫ്ഫകൾക്ക് മീതെ തടവുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്." അഅ്മശ് -رَحِمَهُ اللّٰهُ- പറഞ്ഞു: ഇബ്റാഹീം -رَحِمَهُ اللّٰهُ- പറയുമായിരുന്നു: "അവർക്ക് (പണ്ഡിതന്മാർക്ക്) ഈ ഹദീഥ് വളരെ പ്രിയങ്കരമായിരുന്നു.കാരണം, ജരീർ -رَضِيَ اللّٰهُ عَنْهُ- ഇസ്ലാം സ്വീകരിച്ചത് സൂറത്തുൽ മാഇദ അവതരിച്ചതിന് ശേഷമായിരുന്നു."

[صحيح] [متفق عليه]

ജരീർ ഇബ്നു അബ്ദില്ല -رَضِيَ اللَّهُ عَنْهُ- മൂത്രമൊഴിക്കുകയും ശേഷം അദ്ദേഹം വുദൂഅ് നിർവ്വഹിക്കുകയും, കാലുകൾ കഴുകുന്നതിന് പകരം ഖുഫ്ഫകൾക്ക് (കാലുറകൾക്ക്) മീതെ തടവിക്കൊണ്ട് മതിയാക്കുകയും ചെയ്തു. അപ്പോൾ ചുറ്റുമുള്ളവർ അദ്ദേഹത്തോട് ചോദിച്ചു: "താങ്കൾ ഇങ്ങനെ ചെയ്യുന്നുവോ?!" (കാല് കഴുകുകയല്ലേ വേണ്ടത് എന്ന അർത്ഥത്തിൽ). അദ്ദേഹം പറഞ്ഞു: "അതെ, നബി -صَلّٰى اللهُ عَلَيْهِ وَسَلَّمَ- മൂത്രമൊഴിക്കുകയും ശേഷം വുദൂഅ് എടുത്ത് തന്റെ ഖുഫ്ഫകൾക്ക് മീതെ തടവുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്." ജരീർ -رَضِيَ اللَّهُ عَنْهُ- ഇസ്ലാം സ്വീകരിച്ചത് ഏറെ വൈകിയായിരുന്നു; വുദൂഇന്റെ ആയത്തുകൾ അടങ്ങിയ സൂറത്തുൽ മാഇദ അവതരിച്ചതിന് ശേഷമായിരുന്നു അദ്ദേഹം ഇസ്ലാം സ്വീകരിച്ചത്. ഖുഫ്ഫകൾക്ക് മീതെ തടവുക എന്ന വിധി വുദൂഇന്റെ ഈ ആയത്ത് മുഖേന ദുർബലപ്പെടുത്തപ്പെട്ടിട്ടില്ല . (മൻസൂഖ് ആയിട്ടില്ല) എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്.

http://sunnah.global/hadeeth/ml/show/65378